നം. സി.ഇ.ഇ/5500/2017/KEAM-2018/റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## പത്രക്കുറിപ്പ്

# എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനം സംബന്ധിച്ച്

സംസ്ഥാനത്തെ മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള ഒന്നാം ഘട്ട അലോട്ട്മെന്റിനെ തുടർന്ന് ഫീസ് ഒടുക്കുന്നതിനും അതത് കോളേജുകളിൽ പ്രവേശനം നേടുന്നതിനും **2018 ജൂലൈ 12 വൈകുന്നേരം 5 മണി**വരെ സമയം അനുവദിച്ചിട്ടുണ്ട്. നിശ്ചിത സമയത്തിനകം കോളേജുകളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളെ മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്കർഷിച്ചിട്ടുള്ള സമയക്രമമനുസരിച്ച് രണ്ടാം ഘട്ട അലോട്ട്മെന്റ് **2018 ജൂലൈ 26** ന് പ്രസിദ്ധീകരിക്കുന്നതാണ്.

സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള ഒന്നാം ഘട്ട അലോട്ട്മെന്റിനെ തുടർന്ന് എം.ബി.ബി.എസ്/ബി.ഡി.എസ് ഉൾപ്പെടെയുള്ള മെഡിക്കൽ & അനുബന്ധ കോഴ്സുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് **2018 ജൂലൈ 22** ന് വൈകുന്നേരം 5 മണിയ്ക്ക് മുൻപായി ആവശ്യമുള്ള പക്ഷം വിടുതൽ നേടാവുന്നതാണ്. ഇത്തരക്കാരുടെ മെഡിക്കൽ & അനുബന്ധ കോഴ്സുകളിലെ ഹയർ ഓപ്ഷനുകൾ റദ്ദാകുന്നതിനാൽ ഇവരെ രണ്ടാം ഘട്ട അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല. എന്നാൽ ഇവർക്ക് മോപ്പ്-അപ്പ് കൗൺസലിംഗിൽ പങ്കെടുക്കാവുന്നതാണ്. **2018 ജൂലൈ 22** ന് വൈകുന്നേരം 5 മണിയ്ക്ക് മുൻപായി വിടുതൽ നേടുന്നവർക്ക് കോളേജുകളിൽ നൽകിയിട്ടുള്ള ഫീസും മറ്റ് വിദ്യാഭ്യാസ രേഖകളും കോളേജ് അധികാരികൾ തിരികെ നൽകേണ്ടതാണ്. ഇവർ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കിയിട്ടുള്ള ഫീസും തിരികെ ലഭിക്കുന്നതാണ്.

സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള ഒന്നാം ഘട്ട അലോട്ട്മെന്റിനെ തുടർന്ന് എം.ബി.ബി.എസ്/ബി.ഡി.എസ് ഉൾപ്പെടെയുള്ള മെഡിക്കൽ & അനുബന്ധ കോഴ്സുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രസ്തുത കോഴ്സുകളിലെ സംസ്ഥാനത്തെ രണ്ടാം ഘട്ട അലോട്ട്മെന്റിൽ കോളേജ്/കോഴ്സ് മാറ്റം ലഭിക്കുന്ന പക്ഷം ആദ്യം പ്രവേശനം നേടിയ കോളേജിൽ നൽകിയിട്ടുള്ള ഫീസും മറ്റ് വിദ്യാഭ്യാസ രേഖകളും കോളേജ് അധികാരികൾ താമസംവിനാ തിരികെ നൽകേണ്ടതാണ്. ഒന്നാം ഘട്ട അലോട്ട്മെന്റിനെ തുടർന്നുള്ള പ്രവേശനം താത്കാലികമായതിനാൽ പ്രവേശന സമയത്ത് ട്യൂഷൻ ഫീസും അഡ്മിഷൻ ഫീസും ഒഴികെയുള്ള മറ്റ് ഫീസുകൾ വിദ്യാർത്ഥികളിൽ നിന്നും ഈടാക്കരുതെന്ന് കോളേജ് അധികൃതർക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

ആൾ ഇന്ത്യ ക്വാട്ട സീറ്റുകളിലേയ്ക്കുള്ള രണ്ടാം ഘട്ട കൗൺസിലിംഗിനു ശേഷം വിടുതൽ അനുവദിച്ചിട്ടുള്ള അവസാന തീയതിയായ 14.07.2018-ന് മുൻപ് ആൾ ഇന്ത്യാ ക്വാട്ടാ സീറ്റുകളിൽ നിന്നും വിടുതൽ നേടാത്ത വിദ്യാർത്ഥികളെ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യാ നിബന്ധന പ്രകാരം സംസ്ഥാനത്തെ രണ്ടാം ഘട്ട അലോട്ട്മെന്റിലോ തുടർന്നുള്ള മോപ്പ്-അപ്പ് കൗൺസലിംഗിലോ പരിഗണിക്കുന്നതല്ല.

തിരുവനന്തപുരം

07.07.2018

**പ്രവേശന പരീക്ഷാ കമ്മീഷണർ**